**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കാസർഗോഡ് ജില്ലയിലെ മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ബി.കെ. കേശവയ്ക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2407/2018/തസ്വഭവ                                        തീയതി, തിരുവനന്തപുരം, 11.09.2018

===========================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 04.11.2014-ലെ ഇ 14 (ക്യുവി 2/2014/കെഎസ്ഡി) 18482/2014 നമ്പർ കത്ത്
2. വിജിലൻസ് (ഡി) വകുപ്പിന്റെ 01.01.2015-ലെ 14154/ഡി1/2014/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 09.07.2015-ലെ 21/ഇപിബി3/15/തസ്വഭവ നമ്പർ കുറ്റപത്രം
4. ശ്രീ. ബി.കെ. കേശവ, ശ്രീ. എം. രവീന്ദ്ര എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ
5. പഞ്ചായത്ത് ഡയറക്ടറുടെ 25.09.2015-ലെ ഡി9-17607/15 നമ്പർ കത്ത്
6. വിജിലൻസ് (ഡി) വകുപ്പിന്റെ 22.02.2016-ലെ 995/ഡി1/16/വിജി നമ്പർ കത്ത്
7. സർക്കാരിന്റെ 04.03.2016-ലെ 36/ഇപിബി3/2016/തസ്വഭവ നമ്പർ കത്ത്

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ മംഗൽപ്പാടി ഗ്രാമപഞ്ചായത്തിലെ കെ.ജി.എൻ. അപ്പാർട്ട്മെന്റിന്റെ ചട്ടലംഘന നിർമ്മാണം സംബന്ധിച്ച ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. തുടർന്ന് ചുവടെ പറയുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിമാരായ ശ്രീ. എം. രവീന്ദ്രൻ, ശ്രീ. ബി.കെ കേശവ എന്നിവരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ശ്രീ. എം. രവീന്ദ്ര, ശ്രീ. ബി.കെ. കേശവ എന്നിവർക്ക് പരാമർശം (2) പ്രകാരം കഠിനശിക്ഷയുള്ള കുറ്റപത്രം നൽകുകയും ചെയ്തിട്ടുണ്ട്.

1. മംഗൽപ്പാടി ഗ്രാമപഞ്ചായത്തിലെ കെജിഎൻ അപ്പാർട്ട്മെന്റ്സ് എന്ന കെട്ടിട സമുച്ചയം കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ചാണ് നിർമ്മിച്ചിട്ടുള്ളത്. പ്രസ്തുത കെട്ടിടം അശാസ്ത്രീയമായും, അനധികൃതമായും നിർമ്മിക്കുന്നതിന് അനുമതി നൽകി.
2. അഗ്നിശമന സേനാ വകുപ്പിന്റെ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.
3. സെപ്റ്റിക് ടാങ്ക്, സോക്ക്പിറ്റ് തുടങ്ങിയവയുടെ അശാസ്ത്രീയ നിർമ്മാണം നിമിത്തം പരിസരത്തെ കിണറുകൾ മലിനമായതിനെതിരെ പരിസര വാസികൾ നൽകിയ പരാതികൾക്ക് പഞ്ചായത്ത് അധികൃതർ യാതൊരു നടപടിയും സ്വീകരിച്ചില്ല.

കുറ്റപത്രത്തിന് ശ്രീ. ബി.കെ. കേശവ, ശ്രീ. എം. രവീന്ദ്രൻ എന്നിവർ പരാമർശം (4) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്. ശ്രീ. ബി.കെ. കേശവ സമർപ്പിച്ച പ്രതിവാദ പത്രികയിൽ താൻ 12.08.2011 മുതൽ 19.08.2014 വരെയാണ് മംഗൽപ്പാടി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയുടെ ചുമതല വഹിച്ചതെന്നും കുറ്റാരോപണ പത്രികയിൽ കാണിച്ചിട്ടുള്ള കെ.ജി.എൻ. അപ്പാർട്ട്മെന്റിന്റെ നിർമ്മാണം 2003-ൽ ആരംഭിച്ച് 2010-ൽ പൂർത്തിയാക്കിയിട്ടുള്ളതുമാണെന്നും താൻ കെ.ജി.എൻ. അപ്പാർട്ട്മെന്റിന്

പെർമിറ്റ് നൽകുകയോ, നമ്പർ അനുവദിക്കുകയോ ചെയ്തിട്ടില്ലെന്നും പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് യാതൊരു ബന്ധവുമില്ലെന്നും ബോധിപ്പിച്ചിട്ടുണ്ട്.

കുറ്റപത്രത്തിന് ശ്രീ. ബി.കെ. കേശവ സമർപ്പിച്ച എതിർവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ 12.08.2011 മുതൽ 19.08.2014 വരെയാണ് ശ്രീ. ബി.കെ. കേശവ മംഗൽപ്പാടി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയുടെ ചുമതല വഹിച്ചതെന്നും കുറ്റാരോപണ പത്രികയിൽ സൂചിപ്പിച്ചിട്ടുള്ള കെ.ജി.എൻ. അപ്പാർട്ട്മെന്റിന്റെ നിർമ്മാണം 2003-ൽ ആരംഭിച്ച് 2010-ൽ പൂർത്തിയാക്കിയതാണെന്നും ആയതിനാൽ ശ്രീ. ബി.കെ. കേശവയുടെ എതിർവാദ പത്രികയിൽ പറഞ്ഞിട്ടുള്ള പ്രകാരം ശ്രീ. ബി.കെ. കേശവ കെ.ജി.എൻ. അപ്പാർട്ട്മെന്റിന് പെർമിറ്റ് നൽകുകയോ, നമ്പർ അനുവദിക്കുകയോ ചെയ്തിട്ടില്ലെന്നും പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് യാതൊരു ബന്ധവുമില്ലെന്ന ശ്രീ. ബി.കെ. കേശവയുടെ വിശദീകരണം ശരിയാണെന്നും ആയതിനാൽ ആരോപണവുമായി ശ്രീ. കെ. കേശവയ്ക്ക് യാതൊരു ബന്ധവുമില്ലെന്നും പ്രസ്തുത ആരോപണം നിലനിൽക്കുന്നതല്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മാലിന്യ നിർമ്മാർജ്ജന നിയമ സംരക്ഷണ സമിതി എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ച് കെ.ജി.എൻ. അപ്പാർട്ടുമെന്റിലെ മാലിന്യ പ്രശ്നം ഉൾപ്പെടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് പരാതി നൽകിയിരുന്നുവെന്നും കെ.ജി.എൻ. അപ്പാർട്ടുമെന്റിലെ മാലിന്യ പ്രശ്നം ഉന്നയിച്ച് 20.07.2013-ന് പഞ്ചായത്തിൽ ലഭിച്ച പരാതി സംബന്ധിച്ച് 31.07.2013-നു തന്നെ പരാതിക്കാരെയും അപ്പാർട്ടുമെന്റിലെ താമസക്കാരെയും കെട്ടിട ഉടമയേയും വിളിച്ച് യോഗം നടത്തി നടപടി ആരംഭിച്ചതായി ഫയൽ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടെന്നും ആയതു പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിനെ സമീപിക്കുകയും എൻവറേൺമെന്റ് എഞ്ചിനീയർ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് അപ്പാർട്ട്മെന്റ് ഉടമയ്ക്കും അപ്പാർട്ടുമെന്റിലെ റസിഡന്റ്സ് അസോസിയേഷനും നോട്ടീസ് നൽകിയതായും അതനുസരിച്ച് നടപടി സ്വീകരിച്ചതായും കാണുന്നുവെന്നും മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാങ്കേതിക ഉപദേശത്തിനായി 35,000/- രൂപയുടെ ഡി.ഡി. 17.03.2014-ന് നൽകിയതായി കാണുന്നുവെന്നും അപ്പാർട്ടുമെന്റിലെ സെപ്റ്റിക് ടാങ്കിന് യാതൊരു പ്രശ്നവുമില്ലെന്നും ലീച്ച് പിറ്റിലെ ലീക്ക് ശരിയാക്കുന്നതിനായി കെമിക്കൽ എഞ്ചിനീയർ തയ്യാറാക്കിയ 7,62,000/- രൂപയുടെ എസ്റ്റിമേറ്റിന് 11.03.2014-ന് ചേർന്ന പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം ലഭിക്കുകയും അതനുസരിച്ചുള്ള ഫിൽട്രേഷൻ ടാങ്ക് നിർമ്മിച്ച് പ്രവൃത്തി നടത്തുകയും ചെയ്തിട്ടുണ്ടെന്നും റസിഡന്റ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ പണം കണ്ടെത്തിയാണ് പ്രവൃത്തികൾ ചെയ്തിട്ടുള്ളതെന്നും ഇപ്പോൾ സ്ഥല പരിശോധനയിൽ ലീച്ച് പിറ്റിലെ വെള്ളം പുറത്തേക്ക് പോകുന്നതായി കാണാൻ സാധിച്ചിട്ടില്ലെന്നും, കെ.ജി.എൻ. അപ്പാർട്ടുമെന്റിലെ മാലിന്യപ്രശ്നവുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതികളും ഇതുസംബന്ധിച്ച് നടത്തിയ വിവിധ യോഗങ്ങളുടെയും തീരുമാനത്തിന്റെയും നടപടികളുടെയും ഫയൽ പഞ്ചായത്തിൽ ലഭ്യമാണെന്നും ആയതിനാൽ ഇതൊന്നും പരിശോധിക്കാതെയാണ് വിജിലൻസ് നടപടിക്ക് റിപ്പോർട്ട് ചെയ്തതെന്ന ശ്രീ. ബി.കെ. കേശവയുടെ വാദം അംഗീകരിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അപ്പാർട്ട്മെന്റിന്റെയും സെപ്റ്റിക് ടാങ്കിന്റെയും നിർമ്മാണവുമായി ശ്രീ. കേശവയ്ക്ക് യാതൊരു ബന്ധവുമില്ലെന്നും മാലിന്യപ്രശ്നവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി സംബന്ധിച്ച് കാസർഗോഡ് വിജിലൻസ് ഡി.വൈ.എസ്.പി-ക്ക് ശ്രീ. കേശവ റിപ്പോർട്ട് നൽകിയതായി കാണുന്നുവെന്നും, കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകുമ്പോൾ എഫ്.എ.ആർ. കണക്കാക്കിയതിൽ കുറവു വന്ന തുക ഈടാക്കുന്നതിന് ഓഡിറ്റ് റിപ്പോർട്ട് പ്രകാരം നടപടി സ്വീകരിക്കുന്നതിന് നോട്ടീസ് തയ്യാറാക്കുന്ന കൂട്ടത്തിൽ പഞ്ചായത്ത് ഭരിക്കുന്ന രാഷ്ട്രീയ കക്ഷിയുടെ ഓഫീസിനും ആർ.ആർ. നോട്ടീസ് അയക്കുന്നതിന് ശ്രമിച്ചതും പലരും ശ്രീ. കേശവയ്ക്ക് എതിരായി പ്രവൃത്തിച്ചതായി അറിയാൻ സാധിച്ചിട്ടുണ്ടെന്നും ആയതിനാൽ വിജിലൻസ് ശരിയായ അന്വേഷണം നടത്താതെയാണ് സർക്കാരിന് റിപ്പോർട്ട് നൽകിയതെന്ന വാദം പൂർണ്ണമായും തള്ളിക്കളയാനാകില്ലെന്നും, ഈ സാഹചര്യത്തിൽ ശ്രീ. കേശവ സമർപ്പിച്ച കാര്യങ്ങൾ പൂർണ്ണമായും ശരിയാണ് എന്നും ശ്രീ. കേശവയുടെ ഭാഗത്ത് കൃത്യവിലോപമോ, ചട്ടലംഘനമോ, വീഴ്ചയോ ഉണ്ടായതായി കാണുന്നില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. ബി.കെ. കേശവയുടെ അഭ്യർത്ഥന പ്രകാരം ശ്രീ. ബി.കെ. കേശവയെ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ടപ്പോഴും ശ്രീ. ബി.കെ. കേശവ എതിർവാദ പത്രികയിലെ വാദങ്ങൾ തന്നെയാണ് ബോധിപ്പിച്ചിട്ടുള്ളത്. തുടർന്ന് സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് വിജിലൻസ് വകുപ്പിന്റെ പരാമർശം (6) ശുപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ. രവീന്ദ്രൻ, ശ്രീ. കേശവ എന്നിവരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കാൻ പരാമർശം (7) പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ടിയാളുകൾ സർവ്വീസിൽ പുന:പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. രവീന്ദ്രനെതിരെ വിജിലൻസ് വകുപ്പിന്റെ വി.സി. 16/15/കെഎസ്ഡി കേസിന്മേൽ അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ലെന്നു കാണുന്നു. ഈ സാഹചര്യത്തിൽ ശ്രീ. എം. രവീന്ദ്രനെതിരെയുള്ള അച്ചടക്ക നടപടി വി.സി. 16/15/കെഎസ്ഡി കേസിന്റെ അന്തിമവിധിയ്ക്ക് വിധേയമായി പിന്നീട് തീർപ്പാക്കുന്നതാണ്. ശ്രീ. ബി.കെ. കേശവയ്ക്കെതിരായ ആരോപണങ്ങളിന്മേൽ പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ 12.08.2011 മുതൽ 19.08.2014 വരെ ടി പഞ്ചായത്തിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ. കേശവയ്ക്ക് കെ.ജി.എൻ. അപ്പാർട്ടുമെന്റിന്റെയും സെപ്റ്റിക് ടാങ്കിന്റെയും നിർമ്മാണം സംബന്ധിച്ച് യാതൊരു ബന്ധവും ഇല്ലെന്നും മാലിന്യപ്രശ്നം ഉന്നയിച്ച് 20.07.2013-ന് പഞ്ചായത്തിൽ ലഭിച്ച പരാതിയിന്മേൽ ശ്രീ. ബി.കെ. കേശവ യഥാസമയം ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ. ബി.കെ. കേശവയ്ക്കെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. ശ്രീ. ബി.കെ. കേശവ, മുൻ സെക്രട്ടറി, മംഗൽപ്പാടി ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ്
   (യു.ഒ റിമാർക്സ് നം.വിജി.ഡി1/137/2018/വിജി. തീയതി 11.07.2018 പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.21/ഇപിബി3/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ